ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 31.10.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാാം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ന്യൂഡൽഹിയിലെ പട്ടേൽ പ്രതിമയിൽ പുഷ്പാർച്ചന നടത്തി രാഷ്ട്രപതി ദ്രൗപദി മുർമു. ഏകതാദിന ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിൽ നേതൃത്വം നൽകും.

   The Nation pays homage to Iron Man Sardar Vallabhbhai Patel on his 150th Birth anniversary today. President Droupadi Murmu offered floral tributes at the Patel statue in New Delhi. Prime Minister Narendra Modi will lead the National Unity Day celebrations in Gujarat.

2. ഏക്താ ദിനത്തോടനുബന്ധിച്ച് കേരളത്തിലും വിപുലമായ പരിപാടികൾ. തിരുവനന്തപുരത്ത് ഏകത പദയാത്ര ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അൽപസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും. കൊച്ചിയിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കും.

In connection with Ekta Diwas extensive programs are being organized across Kerala. In Thiruvananthapuram, the Run for Unity will be flagged off shortly by Governor Rajendra Vishwanath Arlekar. Union Minister of State George Kurian will take part in Run for Unity program in Kochi.

3. അന്താരാഷ്ട്ര ആര്യൻ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

Prime Minister Narendra Modi will participate in the International Aryan Summit 2025 at Rohini, New Delhi today.

4. ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യ കാന്ത് അടുത്ത മാസം 24ന് ചുമതലയേൽക്കും.

Justice Surya Kant appointed 53rd Chief Justice of India; To take charge on 24th November.

5. രാജ്യത്തെ എല്ലാ സ്കൂളുകളിലും മൂന്നാം ക്ലാസ് മുതൽ നിർമ്മിത ബുദ്ധി അധിഷ്ഠിത പാഠ്യപദ്ധതി അവതരിപ്പിക്കുമെന്ന് കേന്ദ്രസർക്കാർ.

The Centre has said that curriculum on Artificial Intelligence will be introduced in all schools from Class 3 onwards.

6. വനിതാ ഏകദിന ലോകകപ്പ് സെമിയിൽ ഓസ്ട്രേലിയയെ 5 വിക്കറ്റിന് തോൽപിച്ച് ഇന്ത്യ

ഫൈനലിൽ.

**In the ICC Women's ODI World Cup, India stormed into the final defeating Australia by 5 wickets in a thrilling semifinal.**

❁❁❁❁❁❁❁❁❁❁❁❁❁

**PATEL TRIBUTE**

ഐക്യം, അഖണ്ഡത എന്നീ ആശയങ്ങൾ പകർന്ന് നൽകിയ ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ന്യൂഡൽഹിയിലെ പട്ടേൽ ചൗക്കിൽ സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുഷ്പാർച്ചന നടത്തി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും രാഷ്ട്രപതിക്കൊപ്പം ഉണ്ടായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**PM-NATIONAL UNITY DAY (INTRO)**

ഏകതാദിന ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും. ഗുജറാത്തിലെ ഏകതാ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്ന പ്രധാനമന്ത്രി തുടർന്ന് നടക്കുന്ന പരേഡ് വീക്ഷിക്കും.

**വിശദാംശങ്ങളിലേക്ക്....**

**( വോയിസ്....)**

**PM-NATIONAL UNITY DAY (VOICE)**

ദേശീയ ഐക്യം, അഖണ്ഡത എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ഏകതാ ദിവസിലൂടെ ലക്ഷ്യമിടുന്നത്. ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന ആശയത്തെ അടിസ്ഥാനമാക്കി ഇന്ന് നടക്കുന്ന ഏകതാ പരേഡിൽ BSF, CRPF, CISF, ITBP, SSB, എന്നിവയിലെ അംഗങ്ങൾ അണിനിരക്കും. രാഷ്ട്രീയ ഏകതാ ദിനത്തോടനുബന്ധിച്ച് രാജ്യത്തുടനീളം റൺ ഫോർ യൂണിറ്റിയും സംഘടിപ്പിക്കും. കേരളം ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ നിന്നുള്ള പോലീസ് സേനകളും എൻസിസി കേഡറ്റുകളും പരേഡിൽ പങ്കെടുക്കും. "നാനാത്വത്തിൽ ഏകത്വം" എന്ന ആശയത്തിൽ, 10 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള നിശ്ചല ദൃശ്യങ്ങൾ പരേഡിലുണ്ടാകും. ദിനാചരണത്തോട് അനുബന്ധിച്ച് രണ്ട് ഘട്ടങ്ങളായാണ് രാജ്യത്തുടനീളം യൂണിറ്റി മാർച്ച് നടക്കുന്നത്. ആദ്യ ഘട്ടം ഇന്ന് മുതൽ നവംബർ 25 വരെയും രണ്ടാം ഘട്ടം നവംബർ 26 മുതൽ ഡിസംബർ 6 വരെയും നടക്കും. ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ എന്ന് അറിയപ്പെടുന്ന സർദാർ വല്ലഭായ് പട്ടേലിൻറെ 150-ാമം ജന്മവാർഷിക ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന

"റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളോട് ആഹ്വാനം ചെയ്തിട്ടുണ്ട്. ന്യൂസ്‌ഡെസ്ക് ആകാശവാണി........

## EKTHA-KERALA

ഏക്താ ദിനത്തോടനുബന്ധിച്ച് കേരളത്തിലും വിപുലമായ പരിപാടികൾ നടക്കും. തിരുവനന്തപുരത്ത് കവടിയാർ വിവേകാനന്ദ പ്രതിമക്ക് സമീപത്തു നിന്ന് ആരംഭിക്കുന്ന പദയാത്ര ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ അൽപസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും. കൊച്ചി വെളിയനാട് ചിന്മയ വിശ്വ വിദ്യാപീഠത്തിൽ നടക്കുന്ന യുണിറ്റി മാർച്ചിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും. കേരള പോലീസ് സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കും. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ കീഴിലുള്ള മേരാ യുവ ഭാരതിൻ്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പദയാത്രകൾ നടക്കും.

## PM MODI- ARYAN SUMMIT

ന്യൂഡൽഹിയിൽ ഇന്ന് വൈകുന്നേരം നടക്കുന്ന അന്താരാഷ്ട്ര ആര്യൻ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. മഹർഷി ദയാനന്ദ സരസ്വതിയുടെ 200-ാം ജന്മവാർഷികവും ആര്യസമാജത്തിന്റെ 150-ാം വാർഷികവും

അനുസ്മരിക്കുന്ന ജ്ഞാനജ്യോതി ഉത്സവത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ത്യയിലും വിദേശത്തുമുള്ള ആര്യസമാജങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കും.

## BIHAR CAMPAIGNING

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി മുന്നണികൾ. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി മുസാഫർപൂരിലും ഛപ്രയിലും നടന്ന തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഷെയ്ഖ് പുരയിലും, നൂർസരായിലും പൊതുയോഗങ്ങളെ അഭിസംബോധന ചെയ്തു. അടുത്ത മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

## CEC – REVIEW

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വിലയിരുത്തി. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുക്ബീർ സിങ് സന്ധു, വിവേക്

ജോഷി യോഗത്തിൽ പങ്കെടുത്തു. ബിഹാറിൽ സമാധാനപരവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## CJI SURYA KANT

ജസ്റ്റിസ് സൂര്യ കാന്ത് ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസാകും. ചീഫ് ജസ്റ്റിസ് ബിആർ ഗവായിയുടെ സേവന കാലാവധി അടുത്ത മാസം 23-ന് അവസാനിക്കാനിരിക്കുന്ന സാഹചര്യത്തിലാണ് നിയമനം. ജസ്റ്റിസ് സൂര്യ കാന്തിനെ കേന്ദ്ര നിയമ-നീതിന്യായ മന്ത്രി അർജുൻ റാം മേഘ്‌വാൾ അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ASHWINI- PASSENGER HOLDING AREA

രാജ്യത്തുടനീളം വിവിധ റെയിൽവേ സ്റ്റേഷനുകളിലായി യാത്രക്കാർക്കുള്ള 76 കാത്തിരുപ്പു കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അംഗീകാരം നൽകി. ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലെ കാത്തിരുപ്പു കേന്ദ്രത്തിന്റെ വിജയത്തെ തുടർന്നാണ് ഈ തീരുമാനം. പുതിയ പാസഞ്ചർ കാത്തിരുപ്പ് കേന്ദ്രങ്ങൾ പ്രാദേശിക

സാഹചര്യങ്ങൾ കണക്കിലെടുത്ത് നിർമ്മിക്കുമെന്നും റെയിൽവേ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SHIVRAJ- FPO SAMAGAM (INTRO)

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കർഷകർ നിർണായ പങ്ക് വഹിക്കുന്നതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ നടന്ന ദ്വിദിന എഫ്.പി.ഒ. സമാഗം പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യത്തെ ചില എഫ്.പി.ഒ.കളുടെ വിറ്റുവരവ് 100 കോടി രൂപയിലെത്തിയതായും അദ്ദേഹം പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## EDUCATION-AI

രാജ്യത്ത് എല്ലാ സ്കൂളുകളിലും മൂന്നാം ക്ലാസ് മുതൽ നിർമ്മിത ബുദ്ധി അധിഷ്ഠിത പാഠ്യപദ്ധതി അവതരിപ്പിക്കുമെന്ന് കേന്ദ്രസർക്കാർ. സങ്കീർണ്ണമായ വെല്ലുവിളികൾ പരിഹരിക്കുന്നതിന് എഐയുടെ ധാർമ്മിക ഉപയോഗത്തിലേക്കുള്ള പുതിയ ചുവടുവയ്പ്പാണിത്. പുതിയ പാഠ്യപദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് ഐഐടി മദ്രാസിലെ പ്രൊഫസർ കാർത്തിക് രാമൻറെ

നേതൃത്വത്തിൽ വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയതായും വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

## GST – AUTOMOBILE

രാജ്യത്തെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, ഓട്ടോമൊബൈൽ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുന്നതായി കേന്ദ്ര സർക്കാർ. ട്രക്കുകൾ, ഡെലിവറി വാനുകൾ തുടങ്ങിയ വാണിജ്യ ചരക്ക് വാഹനങ്ങളുടെ നികുതി 18 ശതമാനമായി കുറച്ചത് ലോജിസ്റ്റിക് ചെലവ് കുറയ്ക്കുകയും കയറ്റുമതി മെച്ചപ്പെടുത്തുകയും ചെയ്തു. ജിഎസ്ടി നിരക്കിലെ മാറ്റങ്ങൾ പുതിയ വാഹനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് ഏറെ സഹായകരമാണെന്നാണ് വിലയിരുത്തൽ.

## ICC W WORLD CUP

വനിതാ ഏകദിന ലോകകപ്പ് സെമിയിൽ ഓസ്ട്രേലിയയെ 5 വിക്കറ്റിന് തോൽപിച്ച് ഇന്ത്യ ഫൈനലിൽ. ഓസീസ് ഉയർത്തിയ 339 റൺ വിജയലക്ഷ്യം 48.3 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. ജമീമ റോഡ്രിഗ്സിന്റെ സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 49.5 ഓവറിൽ 338 റൺസാണ് നേടിയത്. നവംബർ 2-ന് മുംബൈയിൽ

നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയാണ് ഇന്ത്യയുടെ എതിരാളി.

❁❁❁❁❁❁❁❁❁❁❁❁❁

**CRICKET T 20**

ഇന്ത്യ ഓസ്ട്രേലിയ T 20 പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന് മെൽബണിൽ നടക്കും . ഇന്നത്തെ മത്സരത്തിൽ മലയാളി വിക്കറ്റ് കീപ്പർ സഞ്ജു സാംസൺ കളിക്കാനിറങ്ങും . പരമ്പരയിൽ അകെ അഞ്ചുകളികളാണ് ഉള്ളത് .

❁❁❁❁❁❁❁❁❁❁❁❁❁

**MEA BRIEFING (INTRO)**

ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ള സുസ്ഥിര ജല വിനിയോഗത്തിന് അഫ്ഗാനിസ്ഥാനെ പിന്തുണയ്ക്കാൻ തയ്യാറെന്ന് ഇന്ത്യ. സ്വന്തം പ്രദേശങ്ങളിൽ പരമാധികാരം വിനിയോഗിക്കാനുള്ള അഫ്ഗാനിസ്ഥാന്റെ അവകാശത്തിനു മേൽ പാകിസ്ഥാൻ കടന്നുകയറ്റം നടത്തുകയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

**(വോയിസ്....)**

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH- MALAYSIA**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി മലേഷ്യയിലെത്തി. സുബാങ് എയർബേസിൽ എത്തിയ ശ്രീ സിങ്ങിനെ മലേഷ്യയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ബി.എൻ. റെഡ്ഡി സ്വീകരിച്ചു. മലേഷ്യയുടെ അധ്യക്ഷതയിൽ ഇന്ന് നടക്കുന്ന ആസിയാൻ-ഇന്ത്യ പ്രതിരോധ മന്ത്രിമാരുടെ അനൗപചാരിക യോഗത്തിന്റെ രണ്ടാം പതിപ്പിനെ ശ്രീ രാജ്നാഥ് സിംഗ് അഭിസംബോധന ചെയ്യും. നാളെ നടക്കുന്ന ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ സമ്മേളനത്തിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## E PASSPORT

യുഎഇയിലെ ഇന്ത്യൻ പൗരന്മാർക്ക് ഇലക്ട്രോണിക് ചിപ്പുകൾ ഘടിപ്പിച്ച ഇ-പാസ്പോർട്ടുകൾ നൽകുന്ന നവീകരിച്ച പാസ്പോർട്ട് സംവിധാനം ആരംഭിച്ചതായി അബുദാബിയിലെ ഇന്ത്യൻ എംബസി. ഇതിൽ പാസ്പോർട്ട് ഉടമയുടെ ഡിജിറ്റൈസ് ചെയ്ത വിവരങ്ങളടങ്ങിയ ചിപ്പ് ഘടിപ്പിച്ചിട്ടുണ്ടാകും. ഇമിഗ്രേഷൻ നടപടികൾ വേഗത്തിലും സുരക്ഷിതമായും പൂർത്തിയാക്കാൻ ഇത് സഹായിക്കുമെന്ന് എംബസി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ നടപടിക്രമങ്ങൾ കേരളത്തിൽ ആരംഭിച്ചു. രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം നിർവഹിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ ഖേൽക്കറുടെ സാന്നിധ്യത്തിൽ, ആദ്യ എന്യൂമറേഷൻ ഫോം ബൂത്ത് ലെവൽ ഓഫീസർ, ഗവർണർക്ക് കൈമാറി.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA PIRAVI -CM

കേരളപ്പിറവി ദിനമായ നാളെ മലയാളദിന-ഭരണഭാഷാവാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷനാകും. മലയാളഭാഷയ്ക്ക് നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ കണക്കിലെടുത്ത് അക്ഷരശ്ലോക രംഗത്തെ പ്രഗത്ഭയും അധ്യാപികയുമായിരുന്ന സരസമ്മ കെ. കെ., സാഹിത്യ നിരൂപകൻ എം. എം. ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും. സംസ്ഥാനതല ഭരണഭാഷാ പുരസ്കാര വിതരണവും മുഖ്യമന്ത്രി നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

बहुजनहिताय बहुजनसुखाय
आकाशवाणी